*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

200th Issue - Volume 5, No.34

# ജാഗ്രത

2nd September 2011


" നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും,പൂർണ്ണമനസ്സോടും,പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുക."

(മാർക്കോസ് 12: 30–31)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



Bl.Teresa of Calcutta

## പ്രധാന വാർത്തകൾ

പണവും വിജയങ്ങളും മാത്രം തേടുന്നവർ ലൗകായരും ദൈവത്തെ മാറ്റി നിർത്തുന്നവരുമാണെന്ന്
ബനഡിക്റ്റ് 16–ാ മൻ മാർപ്പാപ്പ

---

അധ്യാപകനിയമന പാക്കേജിലെ അപാകതകൾ പരിഹരിക്കണം: കെസിബിസി

---

അധ്യാപക നിയമന പാക്കേജ്: പ്രതിസന്ധി കൂടുതൽ സങ്കീർണമാക്കുമെന്ന്
മാർ ജോസഫ് പവ്വത്തിൽ

---

ദളിത് ക്രൈസ്തവ സംവരണം: മതവിശ്വാസമല്ല, അർഹത മാനദണ്ഡമാകണമെന്ന്
മാർ ക്ലീമിസ് കാതോലിക്കാ ബാവ

---

ധാർമികമൂല്യങ്ങളിൽ അധിഷ്ഠിതമായ മാധ്യമപ്രവർത്തനം ദീപികയുടെ ദൗത്യം: മാർ ജോർജ് ആലഞ്ചേരി

---

കൃതജ്ഞതാമലരുകളുമായി അപ്പസ്തോലിക് നുൺഷ്യോ ഭരണങ്ങാനത്ത്

---

മിഷനറിമാരെ സഹായിക്കേണ്ടതു വിശ്വാസികളുടെ കടമ: മാർ ആന്റണി ചിറയത്ത്

---

## ചരിത്ര ജാഗ്രത

ബെഞ്ചമിൻ ബെയിലി

## ജാഗ്രതാ വാർത്ത

ആറു മാസം; മാനഭംഗത്തിരയായത് 173 കുട്ടികൾ

---

## വാരാന്ത്യവീക്ഷണം

അദ്ധ്യാപകനിയമന പാക്കേജ് അഥവാ അനധികൃത ദേശസാൽക്കരണം

## പണവും വിജയങ്ങളും മാത്രം തേടുന്നവർ ലൗകായരും ദൈവത്തെ മാറ്റി നിർത്തുന്നവരുമാണെന്ന് ബനഡിക്റ്റ് 16-ാ മൻ മാർപ്പാപ്പ

പണവും വിജയങ്ങളും മാത്രം തേടുന്നവർ ലൗകായകരും ദൈവത്തെ മാറ്റി നിർത്തുന്നവരുമാണെന്ന് ബനഡിക്റ്റ് 16-ാ മൻ മാർപ്പാപ്പ പ്രസ്താവിച്ചു. ഓഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച മദ്ധ്യസ്ത പ്രാർത്ഥനയുടെ വേളയിൽ സന്ദേശം നല്കുകയായിരുന്നു പരിശുദ്ധ പിതാവ്.


താൻ ഏറ്റുവാങ്ങേണ്ട കുരിശിനെക്കുറിച്ച് ഈശോ ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അങ്ങനെ സംഭവിക്കാതിരിക്കട്ടെയെന്നു പറഞ്ഞ പത്രോസിനെ പോലെ സാമൂഹ്യ സാമ്പത്തിക ശാരീരിക സുസ്ഥിതിയാണ് ഏറ്റവും പ്രധാനപ്പെട്ടത് എന്നു കരുതുന്നവരും പ്രവർത്തിക്കുന്നു. അപ്പോഴൊക്കെ ദൈവത്തിന്റെ ഇഷ്ടമല്ല നമ്മുടെ താല്പര്യങ്ങളാണ് നമ്മൾ തേടുന്നത് . ഇതു ദൈവത്തെ ജീവിതത്തിൽ നിന്നും അകറ്റി നിർത്തലാണ് മാർപ്പാപ്പ വ്യക്തമാക്കി.

ലോകത്തിന്റെ ദൃഷ്ടിയിൽ പരാജയും ജീവത്യാഗവുമായി തോന്നുന്ന കുരിശിനെ സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ട് ഈശോയെ പിഞ്ചെല്ലാൻ പരിശുദ്ധ പിതാവ് ബെനഡിക്റ്റ് 16-ാമൻ മാർപ്പാപ്പ എല്ലാ ക്രൈസ്തവരേയും ആഹ്വാനം ചെയ്തു. ക്രൈസ്തവർ ഒറ്റക്കല്ല കുരിശുവഹിക്കുന്നത്; ക്രിസ്തുവിനോടു ചേർന്നാണ് അവർ കുരിശുചുമക്കുന്നത് പിതാവ് വ്യക്തമാക്കി.

## അധ്യാപകനിയമന പാക്കേജിലെ അപാകതകൾ പരിഹരിക്കണം: കെസിബിസി

സ്കൂൾ വിദ്യാഭ്യാസരംഗത്തെ പ്രശ്നപരിഹാര മാർഗമെന്ന രീതിയിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന അധ്യാപകനിയമന പാക്കേജ് അപര്യാപ്തമാണെന്നു കെസിബി സി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ.സ്റ്റാൻലി റോമൻ പറഞ്ഞു. പിഒസിയിൽ വിളിച്ചുചേർത്ത വിവിധ രൂപതകളിലെ വിദ്യാഭ്യാസ കോർപറേറ്റ് മാനേജർമാരുടെ യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടീച്ചേഴ്സ് ബാങ്ക്, അധ്യാപക നിയമനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം തുടങ്ങിയ നിബന്ധനകൾ അംഗീകരിക്കാൻ കഴിയില്ല. അവ്യക്തതയും സംരക്ഷിത അധ്യാപകരെ സംബന്ധി ച്ച തെറ്റായ കണക്കുകളുമാണു പാക്കേജിലുള്ളത്. അതിനാൽ സൂക്ഷ്മമായ പഠനത്തിനുശേഷം മാത്രമേ പാക്കേജിന് അംഗീകാരം നല്കാവൂ. സംരക്ഷിത അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടീച്ചേഴ്സ് ബാങ്ക് പദ്ധതി പ്രയോജനപ്പെടുത്തുന്നതിൽ സഭയ്ക്ക് എതിർപ്പില്ല. എന്നാൽ, അധ്യാപകരെ നിയമിക്കാനുള്ള മാനേജുമെന്റുകളുടെ അവകാശത്തെ ഇല്ലാതാക്കുന്ന രീതിയിൽ പാക്കേജ് നടപ്പാക്കാൻ ശ്രമിക്കുന്നതിനെയാണ് എതിർക്കുന്നത്. കോഴ വാങ്ങിയാണു കോർപറേറ്റ് മാനേജുമെന്റുകൾ നിയമനം നടത്തുന്നതെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സുതാര്യമായ മാർഗത്തിലൂടെയാണു കത്തോലിക്കാ സഭയുടെ കീഴിലുള്ള മാനേജുമെന്റുകൾ നിയമനം നടത്തുന്നത്. പിൻവാതിൽ നിയമനങ്ങളെ കെസിബിസി പ്രോത്സാഹിപ്പിക്കില്ല. ആരെങ്കിലും കോഴ വാങ്ങി നിയമനം നടത്തിയെന്നറിഞ്ഞാൽ അവർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുമെന്നു ഡോ.സ്റ്റാൻലി റോമൻ പറഞ്ഞു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ കുട്ടികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുകയെന്നതാണു കത്തോലിക്കാ സഭയുടെ ലക്ഷ്യം. വിദ്യാഭ്യാസത്തെ സഭ സേവനമായി മാത്രമേ കണ്ടിട്ടുള്ളൂ. മികച്ച വിദ്യാഭ്യാസം നല്കുന്നതിനു നല്ല അധ്യാപകരെ നിയമിക്കാനുള്ള മാനേജുമെന്റുകളുടെ അവകാശത്തെയാണു സർക്കാർ ഇപ്പോൾ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നത്. അവകാശങ്ങൾ സംരക്ഷിക്കുന്നതിനു പഠിപ്പുമുടക്കിയുള്ള സമരരീതിയെ സഭ പ്രോത്സാഹിപ്പിക്കില്ല. പാക്കേജിലെ പ്രശ്നങ്ങൾ പരിഹരിച്ചു നീതിയുക്തമായ തീരുമാനങ്ങൾ സർക്കാരെടുക്കുമെന്നു പ്രതീക്ഷിക്കുന്നു. സർക്കാർ പ്രതിനിധികളുമായി രണ്ടു പ്രാവശ്യം ചർച്ച നടത്തിക്കഴിഞ്ഞു. വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മാനേജുമെന്റുകളുടെ താത്പര്യംകൂടി പരിഗണിച്ചു പാക്കേജിൽ നീതിയുക്ത മാറ്റം വരുത്തണമെന്നാണു സഭയുടെ ആവശ്യമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, ഫാ.മാത്യു ചന്ദ്രൻകുന്നേൽ, ഫാ.ജോസ് കരിവേലിക്കൽ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

## അധ്യാപക നിയമന പാക്കേജ്: പ്രതിസന്ധി കൂടുതൽ സങ്കീർണമാക്കുമെന്ന് മാർ ജോസഫ് പവ്വത്തിൽ



വിദ്യാഭ്യാസ വകുപ്പു നിർദേശിച്ചിരിക്കുന്ന അധ്യാപക നിയമനപാക്കേജിന്റെ പലഭാഗങ്ങളും നിയമത്തിനും ഭരണഘടനാപരമായ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനും നിരക്കുന്നതല്ലെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി കൂടുതൽ

സങ്കീർണമാക്കാൻ മാത്രമേ ഈ നിർദേശം സഹായിക്കൂ. ന്യൂനപക്ഷ താത്പര്യങ്ങളും അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു വേണം പറയാനെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. അതുകൊണ്ട് എല്ലാതലങ്ങളിലുമുള്ള വിശദമായ പഠനങ്ങൾക്കും കൃത്യമായ കൂടിയാലോചനകൾക്കും ശേഷം മാത്രമേ അധ്യാപക നിയമനപാക്കേജിനു രൂപം നൽകാവൂ എന്ന് അദ്ദേഹം നിർദേശിച്ചു. ഇപ്പോൾ നിർദേശിച്ചിരിക്കുന്ന ടീച്ചേഴ്സ് ബാങ്ക്, തസ്തികകൾക്കുള്ള സർക്കാരിന്റെ അംഗീകാരം തേടൽതുടങ്ങിയ കാര്യങ്ങൾ അംഗീകരിക്കാൻ കഴിയില്ല. കോപറേറ്റ് മാനേജുമെന്റുകളിൽ ഒന്നുംതന്നെ സംരക്ഷിത അധ്യാപകരില്ല. അങ്ങനെ തസ്തികകൾ സൃഷ്ടിച്ചിട്ടുമില്ല. കേരളത്തിൽ എല്ലാവർക്കും ധനിക, ദരിദ്രഭേദമില്ലാതെ ഗുണനിലവാരമുള്ള പൊതു വിദ്യാഭ്യാസം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് എയ്ഡഡ് സ്കൂളുകൾ. സർക്കാരിന്റെ വിദ്യാലയങ്ങളിൽ ഓരോ വർഷവും ലക്ഷക്കണക്കിനു രൂപ കെട്ടിടത്തിന്റെ നവീകരണത്തിനും മറ്റു സംവിധാനങ്ങൾ ക്രമീകരിക്കാനും സർക്കാർ നൽകുമ്പോൾ എയ്ഡഡ് സ്ഥാപനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ ഗവൺമെന്റു തയാറാകുന്നില്ല. വിദ്യാഭ്യാസ രംഗത്തെ സർക്കാരിന്റെ സാമ്പത്തിക ബാധ്യത ഗണ്യമായി കുറയ്ക്കുകയും എല്ലാവർക്കും സൗജന്യമായി നല്ല വിദ്യാഭ്യാസം നൽകാൻ സഹായിക്കുകയും ചെയ്യുന്ന എയ്ഡഡ് സ്ഥാപനങ്ങളെ വളർത്തുന്നതിനു പകരം സർക്കാരിന്റെ വിദ്യാലയങ്ങളാക്കി മാറ്റി ഒരു വിധത്തിൽ ദേശസാത്കരണത്തിനുള്ള നീക്കമാണ് ഇപ്പോഴത്തെ പാക്കേജിൽ കാണാൻ കഴിയുന്നത് എന്ന ആരോപണത്തിനു പ്രസക്തിയുണ്ടെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി.

## ദളിത് ക്രൈസ്തവ സംവരണം: മതവിശ്വാസമല്ല, അർഹത മാനദണ്ഡമാകണമെന്ന് മാർ ക്ലീമിസ് കാതോലിക്കാ ബാവ

---



രാജ്യത്തെ ദളിത് ക്രൈസ്തവർ അടക്കമുള്ള ദുർബലവിഭാഗങ്ങൾക്കു പട്ടികജാതി സംവരണം നൽകുമ്പോൾ ഏതുമതത്തിൽ വിശ്വസിക്കുന്നു എന്നതിനപ്പുറം അർഹതയുണ്ടോ എന്നതു മാത്രമാണു മാനദണ്ഡമാക്കേണ്ടതെന്നു മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മതത്തിന്റെ പേരിൽ ആരെയും പാർശ്വവത്കരിക്കാനും ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കാനും പാടില്ല. പള്ളിയിലോ അമ്പലത്തിലോ മോസ്കിലോ പോകുന്നു എന്നതല്ല ഏതെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിൽ പരിഗണിക്കേണ്ടത്. കേരള സ്റ്റേറ്റ് പട്ടികജാതി - പട്ടികവർഗ സർവീസ് സൊസൈറ്റി സംഘടിപ്പിച്ച ദളിത് ക്രൈസ്തവ സംവരണ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതവിശ്വാസം വ്യക്തിയുടെ മാത്രം കാര്യമാണ്. മതത്തിന്റെ പേരിൽ ജനങ്ങളെ തട്ടുകളാക്കുന്ന പ്രവണത അവസാനിപ്പിക്കണം. വിവിധ മതങ്ങൾ ഒന്നിച്ചു വസിക്കുന്ന ഒരു സമൂഹമായി രാജ്യം നിലനിൽക്കുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വത്തിന്റെ ബലത്തിലാണ്. ഇതാണു ഭരണഘടനയുടെ അന്തഃസത്ത. ഇതു പാലിക്കാത്തപ്പോൾ ഭരണഘടനയെത്തന്നെ ലംഘിക്കുകയാണ്. മതവിശ്വാസത്തിന്റെ പേരുപറഞ്ഞ് ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കാൻ പാടില്ല. ദളിത് ക്രൈസ്തവർ അടക്കമുള്ള ദുർബലവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതും ശാസ്ത്ര, സാങ്കേതിക നേട്ടങ്ങൾക്കും സാമ്പത്തിക വളർച്ചയ്ക്കുമൊപ്പം പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ രാജ്യത്തിന്റെ സംസ്കാരം ഈശ്വര വിശ്വാസത്തിൽ അടിസ്ഥാനമിട്ടതാണ്. ദുർബല വിഭാഗങ്ങളോടു ആർദ്രതയുള്ള സമീപനമാണ് കൈക്കൊള്ളേണ്ടത്. ദുർബലരോടുള്ള പ്രതിബദ്ധത ഭരണഘടനയോടുള്ള പ്രതിബദ്ധതയാണെന്നും കാതോലിക്കാ ബാവ പറഞ്ഞു. ദളിത് ക്രൈസ്തവർക്കു സംവരണം നൽകുമ്പോൾ ഹിന്ദുവിഭാഗത്തിൽപ്പെട്ടവർക്കു സംവരണ ത്തിന്റെ ആനുകൂല്യം കുറയുമെന്ന സംശയത്തിന് അടിസ്ഥാന മില്ലെന്നു മുഖ്യസന്ദേശം നൽകിയ എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ പറഞ്ഞു. ഭരണഘടനാഭേദഗതിയിലൂടെ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. ഇന്ത്യയിലെ ഇടതുപക്ഷം, പ്രത്യേകിച്ചു സിപിഎം ദളിത് ക്രൈസ്തവർക്കു പട്ടികജാതി സംവരണം നൽകുന്നതിന് അനുകൂല മാണെന്ന് അദ്ദേഹം പറഞ്ഞു. ക്രൈസ്തവനായി എന്നകാരണത്താൽ ആനുകൂല്യങ്ങൾ ഒന്നും നൽകേണ്ടതില്ല എന്ന വാദം ശരിയല്ല. ദളിത് വിഭാഗത്തിൽപ്പെട്ടയാൾ ക്രൈസ്തവനായാലും സാമൂഹ്യ ഉച്ചനീചത്വങ്ങൾ മാറുന്നില്ല. സംശയങ്ങൾ മാറ്റിവച്ചു ജോലി, വിദ്യാഭ്യാസം, സാമൂഹ്യജീവിതം എന്നിവയിലെല്ലാം തുല്യത ലഭ്യമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മതത്തിന്റെ പേരിൽ നടക്കുന്ന നീതിനിഷേധം കൂടുതൽ പ്രകടമായി ക്കൊണ്ടിരിക്കുകയാണെന്നു ദളിത് ക്ഷേമവികസന നവോഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തൻ പറഞ്ഞു.

## ധാർമികമൂല്യങ്ങളിൽ അധിഷ്ഠിതമായ മാധ്യമപ്രവർത്തനം ദീപികയുടെ ദൗത്യം: മാർ ജോർജ് ആലഞ്ചേരി

---



സത്യം, നീതി, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന സാമൂഹിക സേവനമാണു ദീപികയുടെ മാധ്യമ ദൗത്യമെന്നു സീറോമലബാർ സഭാ മേജർ ആർച്ച് ബിഷപ്പും ദീപിക അപ്പെക്സ് ബോഡി ചെയർമാനുമായ മാർ ജോർജ് ആലഞ്ചേരി. സമൂഹത്തെയും

തലമുറകളെയും നയിക്കാനുള്ള പ്രേഷിതദൗത്യം ഏറ്റെടുത്തിരിക്കുന്ന ദീപിക നാടിന്റെ പ്രകാശദീപമാണ്. സഭയുടെ മാത്രമല്ല എല്ലാ സമുദായങ്ങളുടെയും നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയാണു ദീപിക നിലകൊള്ളുന്നത്. സ്ഥാപക പിതാക്കന്മാർ ഉയർത്തിപ്പിടിച്ച മഹത്തായ മൂല്യങ്ങളിൽ ഉറച്ചുനിന്ന് ദീപിക നാടിനു വെളിച്ചം പകരുമെന്ന് അദ്ദേഹം പറഞ്ഞു. ദീപികയുടെ കോട്ടയം ഓഫീസ് സന്ദർശിച്ച മേജർ ആർച്ച്ബിഷപ് ജീവനക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു. മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയാണു ദീപികയുടെ ദൗത്യം. സ്നേഹം, സത്യം, സ്വാതന്ത്ര്യം എന്നീ മാനവിക മൂല്യങ്ങൾ തന്നെയാണു യേശുവും പഠിപ്പിച്ചത്. സഭ നിലകൊള്ളുന്നതു വിശ്വാസികളുടെ മാത്രമല്ല എല്ലാ മതസ്ഥരുടെയും നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയാണ്. സത്യം പ്രഘോഷിക്കുകയും സമൂഹത്തിന്റെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുകയും ചെയ്യുകയെന്നതാണു 125 വർഷം പിന്നിടുന്ന ദീപികയുടെ പത്രപ്രവർത്തനരീതി. മാധ്യമങ്ങളുടെ ഒന്നാംനിരയിൽ ദീപികയുടെ സാന്നിധ്യവും ശബ്ദവും ഉണ്ടാവുകയെന്നതു കാലഘട്ടത്തിന്റെ ആവശ്യമാണ്- മാർ ആലഞ്ചേരി വ്യക്തമാക്കി.

## കൃതജ്ഞതാമലരുകളുമായി അപ്പസ്തോലിക് നുൺഷ്യോ ഭരണങ്ങാനത്ത്

--------------------------------------------------------------------------------

ഈ ധന്യനിമിഷത്തിനായുള്ള കാത്തിരിപ്പിലായിരുന്നു ഞാൻ. ഒരുവർഷം നീണ്ട കാത്തിരിപ്പിന്റെ ഫലമാണിത്. എന്റെ വലിയൊരു ആഗ്രഹപൂർത്തീകരണമാണിത്. ഇവിടെയായിരിക്കാൻ കഴിയുന്നതിലൂടെ എനിക്കു ലഭിക്കുന്ന ഈശ്വരാനുഗ്രഹവും സന്തോഷവും ചെറുതല്ല- ചെറിയ വാചകങ്ങളിൽ ലളിതമായ ഇംഗ്ലീഷിൽ ഇതു പറയുമ്പോൾ ഭാരതത്തിലെ അപ്പസ്തേലിക് നുൺഷ്യോ ആർച്ച്ബിഷപ് സാൽവത്തോറേ പെനാക്കിയോയുടെ മുഖത്ത് പതിവുള്ള തിളക്കത്തിന് ഇരട്ടിശോഭ. ഭാരത കത്തോലിക്കാ സഭയുടെ പ്രഥമവിശുദ്ധയുടെ കബറിടത്തിങ്കൽ കൂപ്പുകരങ്ങളുമായി പ്രാർഥനാനിരത മനസുമായി നിൽക്കുമ്പോൾ ആർച്ച്ബിഷപ് സാൽവത്തോറെയുടെ മനസിൽ നിറയെ വിശുദ്ധയുടെ സവിധത്തിലെത്താൻ കഴിഞ്ഞതിലുള്ള നന്ദി പ്രകടനമായിരുന്നു. മാർപാപ്പയുടെ ഇന്ത്യൻ പ്രതിനിധിയായി ഭാരതത്തിലെ ചുമതലയിലെത്തുമ്പോൾ മുതൽ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ എത്തണമെന്ന് ആഗ്രഹിച്ചിരുന്നെന്ന് അദ്ദേഹം പറഞ്ഞു. ആദ്യമായാണ് വിശുദ്ധയുടെ സവിധത്തിലെത്തുന്നതെങ്കിലും ഇത് അവസാനമല്ലെന്നു പറയുമ്പോൾ ഇനിയും വരാമെന്ന ഉറപ്പായിരുന്നു അദ്ദേഹത്തിന്റെ വാക്കുകളിൽ. ആഗോള സഭയിലെ അതിമനോഹരമായ വിശുദ്ധ പുഷ്പമാണ് അൽഫോൻസാമ്മയെന്നു മാർ സാൽവത്തോറെ തീർഥാടന കേന്ദ്രത്തിൽ നൽകിയ സന്ദേശത്തിൽ പറഞ്ഞു. വേദനകളിലെല്ലാം കുരിശിന്റെ വഴിയെ ചരിച്ച ജീവിത സാക്ഷ്യമാണ് അമ്മയുടേത്. പ്രാർഥനയിലും ആത്മീയതയിലും വളരാൻ അൽഫോൻസാമ്മയുടെ ജീവിതം മാതൃകയാകണം. ഓരോ നിമിഷവും ദൈവേഷ്ടത്തോടൊത്ത് ചരിക്കുകയായിരുന്നു അൽഫോൻസാമ്മ-അദ്ദേഹം പറഞ്ഞു. ബിഷപ്പുമാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവരോടൊപ്പം തീർഥാടന കേന്ദ്രത്തിലെത്തിയ അപ്പസ്തോലിക് നുൺഷ്യോയെ റെക്ടർ റവ.ഡോ. ജോസഫ് തടത്തിൽ, ഫൊറോന വികാരി ഫാ. ജോസ് അഞ്ചേരിൽ എന്നിവരുടെ നേതൃത്വത്തിൽ വൈദികരും അല്മായരും സന്യസ്തരും ചേർന്ന് സ്വീകരിച്ചു. ബിഷപ്സ് ഹൗസിലെത്തിശേഷമാണ് അപ്പസ്തോലിക് നുൺഷ്യോ ഭരണങ്ങാനത്തെത്തിയത്. സെന്റ് മേരീസ് ഫൊറോന പള്ളിയിലെത്തി പ്രാർഥിച്ച അപ്പസ്തോലിക് നുൺഷ്യോ വിശുദ്ധ അൽഫോൻസാമ്മ താമസിച്ചിരുന്ന ക്ലാരമഠവും സന്ദർശിച്ചു. മഠത്തിലെ മ്യൂസിയത്തിലെ ഓരോ വിശിഷ്ട വസ്തുക്കളും കണ്ടും ചോദിച്ചുമറിഞ്ഞ അപ്പസ്തോലിക് നുൺഷ്യോ അൽഫോൻസാമ്മയുടെ ഒരു വലിയ ബഹുവർണ ചിത്രം വേണമെന്ന ആഗ്രഹവും പ്രകടിപ്പിച്ചു. വിശുദ്ധയുടെ സവിധത്തിലെത്താനായതിലുള്ള സന്തോഷം ഇനിയെത്തുമ്പോൾ കൂടുതൽ വിശദീകരിക്കാമെന്നു പറഞ്ഞാണ് അദ്ദേഹം മടങ്ങിയത്.

## മിഷനറിമാരെ സഹായിക്കേണ്ടതു വിശ്വാസികളുടെ കടമ: മാർ ആന്റണി ചിറയത്ത്

--------------------------------------------------------------------------------

മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആത്മാർഥമായി സഹകരിക്കേണ്ടത് എല്ലാ വിശ്വാസികളുടെയും കടമയാണെന്നു സാഗർ രൂപത ബിഷപ് മാർ ആന്റണി ചിറയത്ത് പറഞ്ഞു. സീറോമലബാർ സഭയുടെ പ്രേഷിതവർഷാചരണത്തോടനുബന്ധിച്ചു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന രൂപതാതല കോ-ഓർഡിനേറ്റർമാരുടെയും സന്യാസസഭാ പ്രതിനിധികളുടെയും സംയുക്തയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉജ്ജയിൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ അധ്യക്ഷത വഹിച്ചു. പ്രേഷിതവർഷത്തോടനുബന്ധിച്ചു രൂപതകളുടെയും സന്യാസസഭകളുടെയും നേതൃത്വത്തിൽ ആവിഷ്കരിച്ച പ്രവർത്തനപദ്ധതികൾ യോഗത്തിൽ ചർച്ച ചെയ്തു. ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. സെബാസ്റ്റ്യൻ കൊല്ലപ്പറമ്പിൽ, ഫാ. കുര്യൻ കൊച്ചേട്ടനിൽ, ഫാ. വീനസ് എന്നിവർ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ജോസ് ചെറിയമ്പനാട്ട് പ്രസംഗിച്ചു. വിവിധ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും 55 പേർ യോഗത്തിൽ പങ്കെടുത്തു.

## ബെഞ്ചമിൻ ബെയിലി

ബെഞ്ചമിൻ ബെയിലി എന്ന ആംഗ്ലിക്കൻ പാതിരി 1816-ൽ പത്നീസംമേതം ആലപ്പുഴയിൽ എത്തിച്ചേർന്നു. 1817-ൽ ബെയിലി കോട്ടയം സെമിനാരിയിലെ അദ്ധ്യാപകനായി. അക്കാലം മുതൽ തന്നെ അദ്ദേഹം മലയാളഭാഷ പഠിക്കാൻ തുടങ്ങി. ക്രമേണ ഭാഷയിൽ നല്ല പാണ്ഡിത്യം നേടുകയും ചെയ്തു. 1818 ആയപ്പോഴേയ്ക്കും ബെയിലി മലയാളത്തിൽ പ്രസംഗിക്കാൻ തുടങ്ങി. അദ്ദേഹം പിന്നീട് സംസ്കൃതത്തിലും പ്രാവീണ്യം നേടി. അതിനുശേഷം ബെയിലി കോട്ടയത്ത് ഒരു അച്ചുകൂടം സ്ഥാപിക്കാനുള്ള ശ്രമമായി അച്ചടിയന്ത്രങ്ങൾ ലണ്ടനിൽനിന്നും വരുത്തി. നാട്ടുകാരായ ആശാരിമാർക്കും തട്ടാന്മാർക്കും വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് അച്ചുകൾ നിർമ്മിച്ചു.

1772-ൽ ക്ലെമന്റു പാതിരി മലയാളം അച്ചുകൾ ഉണ്ടാക്കി 'സംക്ഷേപവേദാർത്ഥം' റോമിൽ അച്ചടിപ്പിക്കുകയുണ്ടായി. അത് ചതുരവടിവിലുള്ള മലയാളം അക്ഷരങ്ങൾ ആയിരുന്നു. അതേ മാതൃകയിൽ തന്നെയാണ് ബെയിലിയും അച്ചുകൾ വാർത്തുണ്ടാക്കിയത്. ബെയിലി സ്ഥാപിച്ച അച്ചുകൂടമാണ് 'കോട്ടയം സി.എം.എസ്. മുദ്രാലയം'.1821-ലാണ് ഈ പ്രസ്സ് സ്ഥാപിച്ചത്. അക്കാലത്ത് സർക്കാർ വക അച്ചടിയും ഈ പ്രസ്സിലാണ് നിർവഹിച്ചിരുന്നത്. ബെഞ്ചമിൻ ബെയിലി, റിച്ചാർഡ് കൊള്ളിൻസ് തുടങ്ങിയവരുടെ നിഘണ്ടുക്കളും ഈ പ്രസ്സിലാണ് അച്ചടിച്ചത്. ഈ പ്രസ്സ് ഗതകാലസ്മരണകൾക്ക് വെളിച്ചം പകർന്നുകൊണ്ട് ഇപ്പോഴും നിലനില്ക്കുന്നു. കേരളത്തിൽ സ്ഥാപിതമായ ഒന്നാമത്തെ മുദ്രാലയമാണിത്.

ബെഞ്ചമിൻ ബെയിലിയുടെ വേദപുസ്തക പരിഭാഷ പൂർത്തിയായപ്പോൾ അത് അച്ചടിക്കുന്നതിനെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി. അങ്ങനെയാണ് സ്വന്തം പരിശ്രമഫലമായി അച്ചുകൾ വാർത്തുണ്ടാക്കിയത്. ബെയിലി സ്ഥാപിച്ച മുദ്രണാലത്തിന്റെ വികസിത രൂപമാണ് ഇന്നു കോട്ടയത്തു കാണുന്ന സി.എം.എസ്. പ്രസ്സ്. ബെയിലി ബൈബിളിനു തയ്യാറാക്കിയ മലയാള പരിഭാഷ 1824-ൽ സി.എം.എസ്. പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയുണ്ടായി. 1828-ൽ തിരുവിതാംകൂർ ഗവണ്മന്റ് സ്വന്തമായി അച്ചുകൂടം തുടങ്ങിയപ്പോൾ അതിനുവേണ്ടി വന്ന അച്ചുകൾ തയ്യാറാക്കി കൊടുത്തത് ബെയിലിയാണ്. മദ്രാസ് ഗവണ്മന്റും ബെയിലിയുടെ പ്രസ്സിൽ നിന്ന് അച്ചുകൾ വാങ്ങിയിട്ടുണ്ട്. കോട്ടയം പ്രസ്സിൽ വേദപുസ്തകം മാത്രമല്ല. മലയാളത്തിലും, സംസ്കൃതത്തിലുമുള്ള മിക്ക സാഹിത്യകൃതികളും മുദ്രണം ചെയ്തിരുന്നതായി അറിയുന്നു. 1860-ൽ ആ പ്രസ്സിൽ നിന്നും തിരുവിതാംകൂർ ഗവണ്മന്റ് 600 രൂപ വിലയ്ക്കുള്ള സ്കൂൾ പുസ്തകങ്ങൾ വാങ്ങിയതായി മി.ഹോക്സ്വർത്ത് എന്ന മിഷനറി രേഖപ്പെടുത്തിയിരിക്കുന്നു. ബെയിലിയുടെ വേദപുസ്തകവും നിഘണ്ടുവും, റവ. ജോർജ്ജ് മാത്തന്റെ മലയാണ്മയുടെ വ്യാകരണവും, ആർച്ചു ഡീക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചുവും മറ്റും ഈ പ്രസ്സിലാണ് മുദ്രണം ചെയ്തിട്ടുള്ളത്.

ബെഞ്ചമിൻ ബെയിലിയുടെ പത്നി കോട്ടയത്ത് ഒരു വനിതാവിദ്യാലയം സ്ഥാപിച്ചു. സി.എം.എസ്. മിഷനറിമാരുടെ ഭാര്യമാർ കേരളത്തിലെ വനിതകളുടെ വിദ്യാഭ്യാസത്തിന് നേതൃത്വം നല്കി. ബെയിലി, ഫെൻ, ബേക്കർ, എന്നീ സായ്പന്മാരുടെ ഭാര്യമാർ പെൺകുട്ടികൾക്കുവേണ്ടി അവരുടെ വീടുകളിൽ വിദ്യാലയങ്ങൾ നടത്തിയിരുന്നു. 1819-ൽ മിസ്സിസ് ബേക്കറിന്റെ ഭവനത്തിൽ ആരംഭിച്ച സ്കൂൾ ഇന്നും നിലനില്ക്കുന്നു. അറുപതു വർഷം അവർ ആ സ്ഥാപനത്തിൽ പ്രവർത്തിച്ചു. 1865-ൽ ആ സ്ഥാപനം ഇന്ന് അതു സ്ഥിതി ചെയ്യുന്ന വിശാലമായ വളപ്പിൽ സ്ഥാപിച്ചു. അക്കാലത്ത് ബേക്കർ സായ്പിന്റെ കുടുംബാംഗങ്ങളാണ് ഈ ബോർഡിംഗ് സ്കൂളിന്റെ സകല ചെലവുകളും വഹിച്ചിരുന്നത്. 1820-ൽ മിസ്സിസ് നോർട്ടന്റെ നേതൃത്വത്തിൽ ആലപ്പുഴയിലുണ്ടായ വനിതാവിദ്യാലയവും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

മിഷനറിനാർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ ജാതിമതഭേദമെന്യേ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നല്കിയിരുന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി അവർ പ്രത്യേകം വിദ്യാലയങ്ങൾ സ്ഥാപിച്ചു.

## ആറു മാസം; മാനഭംഗത്തിരയായത് 173 കുട്ടികൾ

ആറു മാസത്തിനുള്ളിൽ കേരളത്തിൽ മാനഭംഗത്തിനിരയായത് 173 കുട്ടികൾ. ഈ വർഷം കുട്ടികൾക്കുനേരേയുണ്ടായ അക്രമങ്ങൾ മുൻവർഷങ്ങളേ അപേക്ഷിച്ച് വളരെ കൂടുതലാണെന്നു സംസ്ഥാന പോലീസിന്റെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

ഈ വർഷം ജൂൺ വരെയുള്ള ആറു മാസങ്ങളിലായി നടന്ന അക്രമങ്ങൾ മുമ്പ് ഓരോ വർഷവും ഉണ്ടായതിനേക്കാൾ കൂടുതലാണ്. അന്വേഷണം നടന്നതു മാത്രമാണ് 173 എണ്ണം. കേസിൽ പെടാത്തത് ഇതിലും വളരെയേറെയാണ്.

കുട്ടികൾക്കു നേരേയുള്ള അക്രമണങ്ങളുടെ പേരിൽ 2008-ൽ 549 കേസുകളും 2009-ൽ 589 കേസുകളും 2010 ൽ 596 കേസുകളുമാണ് റിപ്പോർട്ട് ചെയ്തത്. എന്നാൽ ഇത്തവണ ആറു മാസത്തിനുള്ളിൽ 698 കേസുകൾ റിപ്പോർട്ട് ചെയ്തു. കുട്ടികളെ കൊലപ്പെടുത്തിയ 22 കേസുകൾ ഈ ആറുമാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തപ്പോൾ, 37 (2008), 44 (2009), 42 (2010) എന്നിങ്ങനെയായിരുന്നു മുൻ വർഷങ്ങളിലെ കണക്ക്.

പ്രായപൂർത്തിയാകാത്ത കുട്ടികളെ മാനഭംഗപ്പെടുത്തിയ കേസുകളും കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഈ വർഷം ഇതുവരെ ഇത്തരം 173 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് മലയാളികളെ ലജ്ജിപ്പിക്കുന്നതാണ്. 215, 235, 208 എന്നിങ്ങനെയായിരുന്നു മുൻ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്ത കേസുകൾ.

കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന കേസുകളും അപകടകരമായ അവസ്ഥയിലേക്ക് വളരുകയാണ്. മുൻ വർഷങ്ങളിൽ 87, 83, 111 എന്നിങ്ങനെയാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ ഈ വർഷം ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തത് 96 കേസുകൾ. കുട്ടികൾക്കു നേരേയുള്ള മറ്റു കുറ്റകൃത്യങ്ങളും പെരുകി. മുൻ വർഷങ്ങളിൽ 183, 206, 211 എന്നിങ്ങനെ യായിരുന്നു കണക്കെങ്കിൽ ഈ ആറു മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ടത് 377 കേസുകൾ. ശൈശവ വിവാഹം സംബന്ധിച്ച കേസുകൾ ചില വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

## വാരാന്ത്യവീക്ഷണം

### അദ്ധ്യാപകനിയമന പാക്കേജ് അഥവാ അനധികൃത ദേശസാൽക്കരണം

എയ്ഡഡ് വിദ്യാഭ്യാസമേഖല ദേശസാൽക്കരണ ഭീഷണിയിലാണ്. സർ. സി.പി.യും, ഇ. എം. എസും തുടങ്ങി പലരും ഈ ദേശസാൽക്കരണത്തിനു ശ്രമിച്ചിട്ടുണ്ട്. ചിലർ നേരിട്ടു ദേശസാൽക്കരണത്തിനു ശ്രമിക്കുമ്പോൾ മറ്റു ചില സർക്കാരുകളാകട്ടെ നേരിട്ടല്ലാത്ത വളരെ തന്ത്രപരമായുള്ള ദേശസാൽക്കരണത്തിനാണു ശ്രമിക്കുന്നത്. പൊതുമേഖലമാത്രമാണ് നീതിയുക്തം എന്ന വികലമായ കാഴ്ചപ്പാടാണ് ഇതിനു അടിസ്ഥാനം. സ്വകാര്യമേഖലയെ അഴിമതിയുടെ മേഖലയായും മുതലാളിത്വത്തിന്റെ തട്ടകമായും ഇവർ കരുതുന്നു. സ്വകാര്യസ്ഥാപനങ്ങളെ ഏതെങ്കിലും വിധത്തിൽ ദേശസാൽക്കരിക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്.

കേരളത്തിൽ ധനിക ദരിദ്ര ഭേദമില്ലാതെ എല്ലാവർക്കും ഗുണമേന്മയുള്ള പൊതു വിദ്യാഭ്യാസം നല്കുന്നതാണ് ഇവിടുത്തെ എയ്ഡഡ് വിദ്യാലയങ്ങൾ. പൊതു വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കിയപ്പോൾ സർക്കാരിനു സ്വന്തമായി കെട്ടിടവും മറ്റു സംവിധാനങ്ങളും ഉണ്ടാക്കേണ്ടിവരുന്ന സാമ്പത്തിക ക്ലേശം കണക്കിലെടുത്ത് സ്വകാര്യ വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ ശമ്പളം മാത്രം നല്കി വിദ്യാഭ്യാസം സൗജന്യമാക്കി. അങ്ങനെ നല്ല വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കിയതുകൊണ്ടാണ് ഇവിടെ തൊഴിലിന് അനുകൂല സാഹചര്യമില്ലെങ്കിലും കേരളത്തിനു പുറത്ത് തൊഴിൽ തേടി മലയാളി പോകാനും അവരുടെ അദ്ധ്വാനം കൊണ്ട് കേരളം വളരാനും ഇടയായത്.

1959 ൽ ഇവിടത്തെ വിദ്യാഭ്യാസരംഗം നല്ലപങ്കും എയ്ഡഡ് മേഖലയിലേക്ക് മാറി. സ്വകാര്യ വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ ശമ്പളം മാത്രം സർക്കാർ നല്കി വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്ന രീതിയിലേക്ക് നീങ്ങി. അതുകൊണ്ട് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സർക്കാർ വിദ്യാഭ്യാസരംഗത്തു ചെലവഴിക്കേണ്ടി വരുന്ന തുക കേരളത്തിൽ താരതമ്യേന കുറവായിട്ടിരിക്കുന്നത്. എന്നാൽ ഇവിടെ വിദ്യാർത്ഥി പ്രവേശനത്തിൽ മാനേജുമെന്റിനുള്ള സ്വാതന്ത്ര്യം കേവലം മുപ്പതു ശതമാനമായി ഇക്കാലയളവിൽ ചുരുക്കി. ഇപ്പോഴത്തെ പാക്കേജ് പ്രകാരം അദ്ധ്യാപക നിയമനവും സർക്കാർ ഏറ്റെടുക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതിവിശേഷമനുസരിച്ച് കേവലം വിദ്യാലയങ്ങൾ അടക്കാനും തുറക്കാനും മാത്രമാണ് മാനേജർക്ക് അവകാശം എന്ന നിലയിലേക്ക് എത്തുന്നു.

യഥാർത്ഥത്തിൽ എയ്ഡഡ് മേഖലയെ ശക്തിപ്പെടുത്തുമ്പോഴാണ് കേരളത്തിൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുന്നത്. ഏതാണ്ട് 57% വരുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെ നടത്തിപ്പിന്റെ കാര്യത്തിൽ നിയന്ത്രണത്തിനു പകരം മേൽനോട്ടം വഹിക്കാൻ തയ്യാറാകുകയാണു വേണ്ടത്. പിഴവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിക്കാനും സിലബസു നന്നാക്കാനും അദ്ധ്യാപകപരിശീലനം ശക്തിപ്പെടുത്താനും ഒക്കെ സർക്കാരിനു കഴിയണം. ദേശസാൽക്കരണശ്രമങ്ങൾക്കു നിയമസാദ്ധ്യതയില്ല. എന്നകാര്യവും ഓർക്കേണ്ടതാണ്. പൊതു നന്മക്കും ദേശസാൽക്കരണം ഫലപ്രദമാകുകയില്ല. അതുകൊണ്ടുതന്നെ അദ്ധ്യാപകനിയമനപാക്കേജ് എന്ന പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം.

"Jagratha News" - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA